"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്- മലപ്പുറം ജില്ല- മങ്കട ഗ്രാമപഞ്ചായത്ത്- കടന്നമണ്ണ സബ് സെന്റർ നിർമ്മാണത്തിന് അനുവദിച്ച **2022-2023** ലെ ഹെൽത്ത് ഗ്രാന്റ് അതേ പഞ്ചായത്തിലെ വെള്ളില സബ്സെന്ററിന് മാറ്റി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.551/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. 09/08/2023 -ലെ സ.ഉ (സാധാ) നം.1625/2023/LSGD
2. മങ്കട ഗ്രാമപഞ്ചായത്തിന്റെ 25/08/2023 ലെ സാധാരണ യോഗത്തിലെ 2(3) നമ്പർ തീരുമാനം
3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 27/11/2024 ലെ LSGD/PD/37240/2024-DPLA1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ കടന്നമണ്ണ സബ് സെന്ററിന് പരാമർശം (1) പ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്തും മങ്കട ഗ്രാമപഞ്ചായത്തും സംയുക്തമായി 2022-23 വാർഷിക പദ്ധതിയിൽ 242/23 നമ്പറായി പ്രൊജക്റ്റ് വെയ്ക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. 353/23 നമ്പറായി പുതിയ പദ്ധതിക്ക് ഡി.പി.സി അനുമതി വാങ്ങിയിട്ടുണ്ടെങ്കിലും അനുവദിച്ച സംഖ്യ ചെലവഴിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണെന്നതിനാൽ പ്രസ്തുത തുക നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വെള്ളില സബ് സെന്ററിന് മാറ്റി അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കുവാൻ പരാമർശം (2) പ്രകാരം മങ്കട ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊള്ളുകയും ഇക്കാര്യം പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഒരേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സബ്സെന്റർ നിർമ്മാണത്തിന് തന്നെ തുക വിനിയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിലും, ഒരേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സബ്സെന്റർ നിർമ്മാണത്തിന് തന്നെ തുക വിനിയോഗിക്കുന്നതിനാൽ പി.എഫ്.എം.എസ് ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ലാത്തതിനാലും, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് തലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ സബ്സെന്റർ നിർമ്മാണത്തിന് ഉചിതമായ സ്ഥലം ലഭ്യമാകാത്തതിനാൽ ഹെൽത്ത് ഗ്രാന്റ് സ്കീം 1 ൽ ചെലവ് ശതമാനം വളരെ കുറവായതിനാലും, നിലവിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുകയുടെ 50% ചെലവഴിച്ചെങ്കിൽ മാത്രമേ അടുത്ത വർഷത്തേക്കുള്ള ഗ്രാന്റ് കേന്ദ്ര സർക്കാരിൽ നിന്നും റിലീസ് ചെയ്യുകയുള്ളൂവെന്ന വസ്തുത കണക്കിലെടുത്തും, മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിലെ കടന്നമണ്ണ സബ്സെന്ററിന് അനുവദിച്ച തുക അതേ ഗ്രാമപഞ്ചായത്തിലെ

തന്നെ വെള്ളില സബ്സെന്ററിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, മങ്കട ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ധനകാര്യ (SFC Cell -A) വകുപ്പ് (03/10/2024 ലെ SFC-A1/98/2024-FIN)
5. ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ് (18/7/2024 ലെ HEALTH-P3/236/2023-HEALTH)
6. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
9. കരുതൽ ഫയൽ (ഡി.ബി1/410/2023/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 25-02-2025 14:33:27
സെക്ഷൻ ഓഫീസർ